# ചിന്ന ശശിയും പെരിയ മോഡിയും

**ബാംഗ്ലൂർ** ചിന്നസ്വാമി ക്രിക്കറ്റ് സ്റ്റേഡിയത്തിനു പുറത്ത് പൊട്ടുകയോ പൊട്ടാതെ ബാക്കിയാവുകയോ ചെയ്ത ആ ബോംബുകളിൽ നിന്നാവട്ടെ തുടക്കം. ആ പെരിയ വാർത്തക്കിടയിൽ ഒരു ചിന്ന വാർത്ത കൂടിയുണ്ടായിരുന്നു. സ്റ്റേഡിയത്തിനകത്തേക്ക് ടിഫിൻ കാരിയറിൽ ബോംബുമായി വന്ന മൂന്നംഗ സംഘത്തിൽ രണ്ടുപേർ പരിശോധനക്കിടയിൽ തന്നെ ഓടിരക്ഷപ്പെട്ടെന്നും ശേഷിച്ച ഒരുവൻ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുന്നതിനിടെ 'ഓടി' രക്ഷപ്പെട്ടെന്നുമാണ് ഈ വാർത്ത. പോലീസ് വാനിന്റെ ചുമരിലെ ആ ദ്വാരത്തിൽ കൂടിയാവണം! സർവ സന്നാഹങ്ങളുമായി സ്റ്റേഡിയം അരിച്ചു പെറുക്കുന്ന പോലീസിന്റെ പിടിയിൽ നിന്നാണ് ഈ മഹാത്ഭുതം സംഭവിച്ചത്. ബട്‌ലാ ഹൗസിൽ പണ്ടൊരുത്തൻ വായുവിലേക്ക് ഊളിയിട്ടു പോയിരുന്നല്ലോ, അതുപോലെ. ആ ഓടിപ്പോയവരുമായി 'ഏറ്റുമുട്ടാ'നല്ലെങ്കിൽ പിന്നെന്തിന് പോലീസുകാരുടെ ഇടുപ്പിൽ ഒരു തുപ്പാക്കി? ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനത്താണ് ഇത് നടന്നതെന്ന് കൂട്ടത്തിൽ ഒരു കോമയിട്ടു വായിച്ചേക്കണം! പിടിയിലായവന്റെ കീശയിൽ 786ന്റെ സ്റ്റിക്കറല്ല ഉണ്ടായിരുന്നതെന്ന് നമുക്ക് സ്വാഭാവികമായും അനുമാനിക്കാവുന്നതാണ്. അവന്റെ യാഥാർഥ്യം പോലീസിനെ ഭയപ്പെടുത്തുന്ന മറ്റെന്തോ ആയിരുന്നുവെന്നും വ്യക്തം.

ബി.ജെ.പിയുടെയും കോൺഗ്രസ്സിന്റെയും കഷ്ടകാലങ്ങളിൽ ബോംബുമായി പ്രത്യക്ഷപ്പെട്ടിരുന്ന 'ഇന്ത്യൻ മുജാഹിദീനു'കൾ ഇപ്പോൾ ക്രിക്കറ്റിന്റെ കഷ്ടകാലത്തും അവതരിക്കാൻ തുടങ്ങിയെന്നാണ് ദുഃഖകരമായ സത്യം. മുജാഹിദീൻ സിദ്ധാന്തം പൊക്കിപ്പിടിച്ചാണല്ലോ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ ആദ്യം ചാടീവിണത്. സിദ്ധാന്തം തള്ളണോ കൊള്ളണോ എന്ന കാര്യത്തിൽ ബംഗ്ളുരുകാർക്ക് വല്ലാത്ത ആശയക്കുഴപ്പമുണ്ടായിരുന്നു. ബി.ജെ.പി സർക്കാറിന്റെ കീഴിലുള്ള സംസ്ഥാനങ്ങളിൽ അവർ ആരെ ഓടിരക്ഷപ്പെടാൻ അനുവദിച്ചാലും 'ഇന്ത്യൻ മുജാഹിദ്ദീനെ' കട്ടായം പിടികൂടുമായിരുന്നല്ലോ! ശശി തരൂരിന്റെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങാൻ തുടങ്ങിയ സ്ഥിതിക്ക് സംഭവത്തെ ഇസ്‌ലാമിക ഭീകരതയുമായി ചേർത്തുപിടിച്ചാൽ ഗുണവും ദോഷവുമുണ്ടായിരുന്നു. സ്വാഭാവികമായും ഗുണം ശശിക്കു കിട്ടും. ക്രിക്കറ്റിന്റെ കോളത്തിലും വരവു വെച്ചുകൂട. ലളിത് മോഡി ഗുജറാത്തുകാരനാണ് എന്നതായിരുന്നു ദോഷവശം. വിജയ് മല്യയുടെ ഹോം ഗ്രൗണ്ടിൽ ആക്രമണം നടക്കുന്നതിന്റെ പേരുദോഷം വേറെ. നരേന്ദ്ര മോഡി ഇന്ത്യയുടെ പ്രധാനമന്ത്രിയാവണമെന്ന് ഏറ്റവുമാദ്യം 'ബോംബു'പൊട്ടിച്ചവരുടെ പട്ടികയിലെ വിശിഷ്ട വ്യവസായി കൂടിയാണ് ലളിത് മോഡി. അഹ്മദാബാദിൽ ഐ.പി.എൽ വരുന്നു എന്നതിന് ഗുജറാത്തിൽ ഒരു ടീമുണ്ടാകുന്നു എന്നു കൂടിയാണ് അർഥം. ഇത് യാഥാർഥ്യമായിരുന്നുവെങ്കിൽ നരേന്ദ്ര മോഡിയുടെ 'വിജൃംഭിത ഗുജറാത്ത്' പിൻവാതിലിലൂടെ ഇന്ത്യൻ മനസ്സാക്ഷിയിലേക്ക് ഇടിച്ചിറങ്ങിയേനെ. വിലക്കു നീങ്ങുന്ന കാലത്ത് രണ്ട് പാകിസ്താൻകാരെ ടീമിലെടുക്കുക കൂടി ചെയ്തിരുന്നുവെങ്കിൽ നരേന്ദ്ര മോഡിയിലെ അവസരവാദി 'അൾട്രാ സെക്യുലരിസ്റ്റാ'യും പ്രത്യക്ഷപ്പെട്ടേനെ. വല്ലാത്തൊരു നിവൃത്തികേടിലായിരുന്നു യദിയൂരപ്പ ചെന്നുപെട്ടത്.

വാതുവെപ്പുകാരാണ് ബോംബുവെച്ചതെന്നാണ് ഒടുവിൽ കേൾക്കുന്നത്! റിട്ടയേർഡ് സൈനികനും റിട്ടയേർഡ് ഇന്റലിജൻസ് ഉദ്യോഗസ്ഥനും മറ്റും മറ്റുമായി പതിവ് 'സനാതന, സാംസ്കാരിക' സമവാക്യങ്ങൾ കേൾക്കാനുണ്ടെങ്കിലും കേസ് അത്തരമൊരു ദിശയിൽ പുരോഗമിക്കാനുള്ള ഒരു സാധ്യതയും കർണാടകയിൽ കാണാനില്ല. ഗുജറാത്ത് കേന്ദ്രീകരിച്ച് രൂപവത്കരിക്കപ്പെടാതെ പോയ ക്രിക്കറ്റ് ടീമിനെ ചൊല്ലി മൊത്തം ഐ.പി.എല്ലിനോട് കലഹിക്കാൻ മാത്രം സനാതനക്കാരൻ ദേശദ്രോഹിയല്ലെന്ന് മനസ്സിലാക്കുകയേ നിവൃത്തിയുള്ളൂ. സിദ്ധാന്തങ്ങളുടെ കുഴലുകൾ പട്ടിയുടെ വാലിനൊത്തല്ലേ ഇനിയങ്ങോട്ടുള്ള കാലം വളയുക! ഒരു രാജ്യത്തെ മന്ത്രിപ്പണിയും കള്ളപ്പണം വെളുപ്പിക്കലും ബി.ജെ.പിക്ക് പുതിയ പ്രതിഛായ നൽകലും പാകിസ്താനുമായുള്ള വിരോ

ധം തീർക്കലും അഴിമതിയും ബോംബ് സ്ഫോടനവും മോഡിമാരുടെ വിളയാട്ടവും പെണ്ണുപിടിത്തവും എല്ലാം ട്വന്റിക്കു ട്വന്റിയായാണ് വികസിക്കുന്നത്. യു.പി.എ സർക്കാറിന്റെ കാലത്ത് സ്വിസ് അക്കൗണ്ടിലേക്കു പോയ കള്ളപ്പണത്തെ കുറിച്ച് എൽ.കെ അദ്വാനി ഇടക്കാലത്ത് ഒരു ചർച്ചക്ക് തുടക്കമിട്ടിരുന്നുവല്ലോ. ലളിത് മോഡി വകയിൽ 1600 കോടിയോളം രൂപ വിദേശകള്ളപ്പണ അക്കൗണ്ടുകളിൽ നിന്നും ഒഴുകിയെത്തി ഇന്ത്യയിൽ വെളുപ്പിച്ചെടുത്തതായാണ് മാധ്യമങ്ങൾ പറയുന്നത്. ഒരു രാഷ്ട്രീയ പാർട്ടിക്കും ഇതേ കുറിച്ച് ഇപ്പോൾ മിണ്ടാട്ടമില്ല. ലളിത് മോഡിയുടെ അളിയന് രാജസ്ഥാൻ റോയൽസിൽ 33 ശതമാനവും വളർത്തുപുത്രിയുടെ ഭർത്താവിന് കൊൽക്കത്ത, പഞ്ചാബ് ടീമുകളിൽ 25 ശതമാനം വീതവും ഓഹരികളുണ്ട്. ഇത് എങ്ങനെ ലഭിച്ചു? നിലവിൽ അഹ്മദാബാദിനു വേണ്ടി ലേലത്തിനിറങ്ങി പരാജയപ്പെട്ട വീഡിയോകോണും അദ്വാനി ഗ്രൂപ്പും ഗുജറാത്തിലെ ചില രാഷ്ട്രീയ നേതാക്കളുടെ മക്കൾക്ക് കോടികൾ ഓഹരിയിട്ടു കൊടുത്തിരുന്നുവെന്നതാണ് വസ്തുത.

അഴിമതിയുടെ 'ദീപസ്തംഭം മഹാശ്ചര്യം' തിരിയുന്നതു കണ്ട് മുന്നും പിന്നും നോക്കാതെ ചാക്കുമായി വാരാനിറങ്ങിയ ശശി തരൂരിനെ എന്തിനു കോൺഗ്രസ് ബലിയാടാക്കി എന്നതാണ് തിരിയാത്ത ചോദ്യം. അഴിമതി നടന്നാൽ രാജി എന്ന വാക്ക് മിണ്ടാൻ പോലും പാടില്ലാത്ത ഇന്ത്യയിൽ പുതിയ മഹാത്മാവ് പിറക്കുന്നതിന്റെ തുടക്കമാണോ ഇത്? ഉണ്ണിത്താൻ മോഡലിൽ അന്വേഷണം നടത്തി ശശിയെയും നമുക്ക് കുറ്റവിമുക്തനാക്കാം. കേരളത്തിൽ അദ്ദേഹത്തെ ഒരു കാലത്ത് പരിഹസിച്ച കോൺഗ്രസുകാർക്കു പോലും ഇപ്പോൾ മനസ്താപം! തിരുവനന്തപുരത്ത് തെരഞ്ഞെടുപ്പു പ്രചാരണം നടത്താൻ സി.പി.എം ഇടതുപക്ഷം രൂപവത്കരിച്ച ബുദ്ധിജീവി സംഘത്തിന്റെ തലവനായ മുൻ ഐ.എഫ്.എസ് ഓഫീസർ ഇപ്പോൾ ചാനലുകളിൽ ശശിയുടെ നേതൃത്വഗുണങ്ങൾ ചർച്ച ചെയ്യുന്ന തിരക്കിലാണ്. കണ്ടുമടുത്ത ബോറൻ മലയാളി രാഷ്ട്രീയത്തിന് അന്താരാഷ്ട്ര ചുവ നൽകിയ, പൊതു ജീവിതത്തിലെ ധാർമികതക്ക് പുതിയ മാനം നൽകിയ ശശിജീ കീ ജയ്.... വീണ്ടും അദ്ദേഹത്തെ അരിയും പൂവുമിട്ട് വാഴിക്കുക. മലയാളിയുടെ ഒരു ഭാഗ്യമേ! കേന്ദ്രമന്ത്രി കെട്ടാൻ പോകുന്ന പെണ്ണിന്റെ പേരിൽ പോലും ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണയായി ഷെയറു കൊടുത്ത കമ്പനിയല്ലേ കൊച്ചിയിൽ വരുന്നത്. പത്തു പതിനഞ്ചാളുകൾക്ക് തൂപ്പുദ്യോഗമെങ്കിലും അവരുടെ ആസ്ഥാനത്ത് തരപ്പെടാതിരിക്കുമോ? ■